ഖുത്ബ
27.1.2006
ബയ്തുൽഫുതൂഹ്, ലണ്ടൻ

# മൗലവിമാരും, പാക്കിസ്ഥാൻ ഭൂകമ്പവും

وَمَا كَانَ رَبُّكَ لِيُهْلِكَ الْقُرٰى بِظُلْمٍ وَّ اَهْلُهَا مُصْلِحُوْنَ ﴿۱۱۸﴾

**ഖാ**ദിയാനിലേക്ക് പോകുന്നതിന് മുമ്പേ, എനിക്ക് ഒരഹ്മദിയുടെ കത്ത് കിട്ടിയിരുന്നു. താങ്കൾ ജൽസയിൽ പങ്കെടുക്കാൻ ഖാദിയാനിലേക്ക് പോകുകയാണ്. അല്ലാഹുതആല എല്ലാ രീതിയിലും ഈ യാത്ര മംഗളകരമാക്കിത്തീർക്കട്ടെ. എന്നാൽ, ജൽസാദിനങ്ങളിൽ ഏതെങ്കിലും ദൈവികമായ വിപത്തുകളോ എന്തെങ്കിലും നാശമോ അല്ലെങ്കിൽ ഭൂകമ്പം തുടങ്ങിയവയോ ഉണ്ടാകാതിരിക്കാൻ വേണ്ടിയും ദുആ ചെയ്യാൻ അപേക്ഷിക്കുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അതായത് 2003-ലും 2004-ലും ഖാദിയാനിൽ ജൽസ നടക്കുന്ന അതേദിനങ്ങളിൽ രണ്ട് മുസ്‌ലിംരാഷ്ട്രങ്ങളിൽ ഭൂകമ്പം കാരണത്താൽ വൻവിപത്ത് വന്നതുകൊണ്ടായിരിക്കണം കത്തെഴുതിയ ആൾക്ക് ഈ ഭയം ഉണ്ടായത്. ഒരിടത്ത് ആയിരക്കണക്കിനും മറ്റൊരിടത്ത് ലക്ഷക്കണക്കിനും ജീവനഷ്ടമുണ്ടായി. 2003-ൽ ഇറാനിൽ ഭൂകമ്പമുണ്ടായി. 2004-ൽ ഇതേദിനങ്ങളിൽ ഒരുപാട് നഷ്ടമുണ്ടാക്കിയ സുനാമിയും ഉണ്ടായി. ഏറ്റവും വലിയ ഇസ്‌ലാമിക രാഷ്ട്രമായ ഇന്തോനേഷ്യയായിരുന്നു ഇതിന്റെ പ്രഭവകേന്ദ്രം. പക്ഷേ, ഇതിന്റെ നഷ്ടം മറ്റുരാജ്യങ്ങളിലും ദ്വീപുകളിലുമുണ്ടായി. 2005 ഒക്ടോബർ 8-ന് പാക്കിസ്ഥാനിലെ വടക്കൻ പ്രദേശങ്ങളിൽ, പ്രത്യേകിച്ച് കശ്മീരിൽ ഉണ്ടായ ഭൂകമ്പം അങ്ങേയറ്റം ഭയാനകമായ നാശമാണ് വിതച്ചത്. ഇതിൽ മരിച്ചവരുടെ എണ്ണം ഏകദേശം 87000 ആണ് പറയുന്നത്. ചിലർ പറയുന്നത്, ഇതിനെക്കാളധികമാണെന്നും ശരിയായ കണക്ക് ഇതുവരെ ലഭിച്ചിട്ടില്ലെന്നുമാണ്. ഇല്ലെങ്കിൽ ശരിയായ കണക്ക് പറയാനാഗ്രഹിക്കുന്നില്ല. എണ്ണം എത്രയായാലും, വിശാലമായൊരു പ്രദേശത്ത് മുഴുവൻ നാശമുണ്ടായി. നിരവധി ഗ്രാമങ്ങൾ ഭൂമുഖത്തുനിന്ന് വിപാടനം ചെയ്യപ്പെട്ടു. ഇതിന്റെ പുനർനിർമ്മാണത്തിന് ദീർഘമായൊരു കാലം വേണ്ടിവരും. സർക്കാരിനും, സർക്കാരിന്റെ ഇന്റർനാഷണൽ ഏജൻസിക്കും പുറമെ ഒരുപാട് സംഘടനകൾ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. അവർ ഒരുപാട് പ്രവർത്തിച്ചുകഴിഞ്ഞു. പക്ഷേ, ദീർഘമായ കാലം പ്രവർത്തിക്കേണ്ടിവരുന്ന കാരണത്താൽ, തങ്ങളുടെ കൈയിൽ അതിനുള്ള മാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ട് പലരും ഇടയ്ക്കുവെച്ച് സേവനം നിറുത്തി മടങ്ങിപ്പോയി. താൽക്കാലികമായ താമസസ്ഥലവും അതിശൈത്യവും കാരണത്താൽ ജനങ്ങൾ തണുപ്പിനും രോഗത്തിനും ഇരയായിക്കൊണ്ടിരിക്കുന്നു. ഒരു വാർത്തയനുസരിച്ച് മഞ്ഞുപെയ്യലും മഴയും കാരണത്താൽ ഇനിയും കൂടുതൽ മരണമുണ്ടാകാനിടയുണ്ട്. അല്ലാഹു കാരുണ്യം ചൊരിയുമാറാകട്ടെ എന്ന് നാം ദുആ ചെയ്യുന്നു.

ജമാഅത്തിന്റെ ഹ്യൂമാനിറ്റി ഫസ്റ്റ് ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ സഹായമെത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഇതിൽ 99 പങ്കും ജമാഅത്തിന്റേതാണ്. പണമായിട്ടും ഭക്ഷണം, വസ്ത്രം തുടങ്ങിയവയായിട്ടുമൊക്കെ അത് സേവനം ചെയ്തുവരുന്നു. ഹ്യൂമാനിറ്റിഫസ്റ്റ് സേവനം ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലത്ത്, ആദ്യം കുറച്ച് സേവനമാണ് നമ്മെ ഏല്പിച്ചിരുന്നതെങ്കിലും ഇപ്പോൾ കൂടുതൽ ഉത്തരവാദിത്തം നമ്മുടെമേൽ ഇട്ടിരിക്കുകയാണ്. അവിടെ ഒരു യൂറോസെന്റർ സ്ഥാപിക്കാനും ഡിപ്പാർട്ട്മെന്റിനെ സഹായിക്കാനും പറഞ്ഞിരിക്കുന്നു. എന്തായാലും നമ്മെക്കൊണ്ട് ചെയ്യാൻ കഴിയുന്നത് ചെയ്യുന്നതാണ്. ഭൂകമ്പം മൂലമുണ്ടായ കെടുതിയും ദുരന്തവും കാരണത്താൽ രോഗങ്ങളും വളരെയധികമാണ്.

2005-ൽതന്നെ സമുദ്രത്തിലുണ്ടായ കൊടുങ്കാറ്റ് കാരണത്താൽ അമേരിക്കയിലും വൻനാശമുണ്ടായി. ഗിയാന തുടങ്ങിയ മറ്റു രാഷ്ട്രങ്ങളിലും വെള്ളപ്പൊക്ക കെടുതിയുണ്ടായി. അവിടെയും ഹ്യൂമാനിറ്റിഫസ്റ്റ് വളരെയധികം പ്രവർത്തിച്ചിരുന്നു. അഹ്മദികൾ എവിടെയാണെങ്കിലും വളരെ ആത്മാർത്ഥമായി സേവനം ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ അവരുടെ പ്രവർത്തനം പ്രകീർത്തിക്കപ്പെട്ടു.

മനുഷ്യത്വവുമായിട്ടുള്ള ബന്ധം കാരണ

ത്താൽ സൃഷ്ടിസേവനം ചെയ്യുക എന്നത് നമ്മുടെ നിർബന്ധകടമയാണ്. ഇതിന് ആരിൽനിന്നും നാം പ്രതിഫലം ആഗ്രഹിക്കുന്നില്ല. ഇത് നമ്മുടെ നിർബന്ധമായ കർത്തവ്യങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. എന്നാൽ, ഈ നാശങ്ങളും ഭൂകമ്പങ്ങളും കണ്ടിട്ട് നിരവധി അഹ്മദികൾ ചോദിക്കുകയും എഴുതുകയും ചെയ്യുന്നു; ഈ ഭൂകമ്പത്തിൽ നിഷ്ക്കളങ്കരായ പലരും മരിച്ചു. ഇത് ശിക്ഷയായിരുന്നുവെങ്കിൽ, അതിറങ്ങേണ്ടത് അക്രമം പ്രവർത്തിച്ചവരിലായിരുന്നല്ലോ. ഇവിടെ നിഷ്ക്കളങ്കരായ കുട്ടികളും സ്ത്രീകളും അതിന്നിരയായിരിക്കുകയാണ്. ഇത്തരം ചോദ്യങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും ഉന്നയിക്കപ്പെട്ടിരുന്നു; 1905-ൽ കാങ്കടയിൽ ശക്തമായ ഭൂകമ്പമുണ്ടായപ്പോൾ പ്രത്യേകിച്ചും. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതിന് മറുപടി നല്കിയിട്ടുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആ ഉദ്ധരണിയിലൂടെ മറുപടി നല്കുന്നതിനു മുമ്പേ പാക്കിസ്ഥാനിലെ വിവിധ പത്രങ്ങളിൽ, കഴിഞ്ഞവർഷം കശ്മീരിലുണ്ടായ ഈ ഭൂകമ്പത്തെ കുറിച്ച് മതപണ്ഡിതന്മാർ എഴുതിയ അഭിപ്രായങ്ങൾ നിങ്ങളെ കേൾപ്പിക്കുന്നതാണ്.

വർത്തമാനകാലത്തുണ്ടായ ഈ ഭൂകമ്പത്തെക്കുറിച്ച് രാജ്യത്തെ ഉലമാക്കളോട് ചില ചോദ്യങ്ങൾ പത്രങ്ങൾ ചോദിച്ചിരുന്നു. അതിന് അവർ നല്കിയ മറുപടി വിവിധ പത്രങ്ങളിൽ വന്നിട്ടുണ്ട്.

'പാക്കിസ്ഥാൻ റോസ്നാമ' ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. അതിൽ അവർ എഴുതുന്നു. വർത്തമാനകാലത്തുണ്ടായ ഭൂകമ്പം നാലുപാടും നാശം വിതച്ചു. എല്ലായിടത്തും മുറവിളിയുടേയും നെടുവീർപ്പിന്റേയും ശബ്ദം കേൾക്കാം. സന്തോഷത്തോടെ കഴിഞ്ഞിരുന്ന വീടുകൾ നാമാവശേഷമായി. സന്തോഷച്ചിരികൾ ഉയർന്നിരുന്ന സ്ഥലങ്ങളിൽ മരണത്തിന്റെ മൂകത ചാഞ്ഞിരിക്കുന്നു. മനുഷ്യത്വം വിറകൊള്ളുന്നു. മനുഷ്യപ്രകൃതി അലമുറയിടുന്നു. വാക്കുകൾ വിലാപങ്ങളായി രൂപം പ്രാപിച്ചിരിക്കുന്നു. കണ്ണുനീർ മുഴുവൻ ഒഴുകിപ്പോയിരിക്കുന്നു. മുഖം വിളറിപ്പോയിരിക്കുന്നു. ശക്തമായ ഭൂകമ്പം ജീവനഷ്ടവും സാമ്പത്തികനഷ്ടവും വരുത്തിയതിനോടൊപ്പം ഒരുപാട് ചോദ്യങ്ങളും സൃഷ്ടിച്ചിരിക്കുകയാണ്. ഇത് നമ്മുടെ കർമ്മങ്ങൾക്കുള്ള ശിക്ഷയാണോ? ഇത് നമ്മൾക്കുള്ള പരീക്ഷണമാണോ? ഇത് പരീക്ഷണമായിരുന്നെങ്കിൽ, ഒരു പ്രദേശത്തുമാത്രം എന്തുകൊണ്ടാണുണ്ടായത്? കർമ്മങ്ങളുടെ ഫലമാണെങ്കിൽ നിരപരാധികൾ നശിക്കാൻ കാരണമെന്ത്? ഈ ഭൂകമ്പം ഹസ്റത്ത് ഈസായുടെ ആഗമനത്തിനുള്ള അടയാളമാണോ?

ഈ ചോദ്യങ്ങൾക്ക് മറുപടി പറയാൻ അവർ വിവിധ ആലിംകളെ ക്ഷണിച്ചു. ആ കോളമിൽ എഴുതിയ ചിലരുടെ അഭിപ്രായങ്ങൾ ഞാൻ കേൾപ്പിക്കാം.

മുൻസംസ്ഥാന മതവകുപ്പ് ഔഖാഫ് മന്ത്രിയും പ്രസിദ്ധ ഇസ്ലാമിക് സ്കോളറുമായ ഡാക്ടർ മുഫ്തി ഗുലാം സർവർ ഖാദിരി വിഷമം പ്രകടിപ്പിച്ചുകൊണ്ട് പറയുന്നു: ഇപ്പോഴുണ്ടായ ഭൂകമ്പം അല്ലാഹുവിൽ നിന്നുള്ള ഭയാനകവും മുന്നറിയിപ്പ് നല്കുന്നതുമായ വലിയ പാഠമാണ്. പൊതുജനങ്ങളും, രാഷ്ട്രീയക്കാരും, ഉലമാഉം, ഭരണകർത്താക്കളും ഇതിൽനിന്ന് പാഠം പഠിക്കേണ്ടതാണ്. പൊതുജനങ്ങൾ എന്തുകൊണ്ടെന്നുവെച്ചാൽ, അവരിലധികംപേരും മുസ്ലിംകളായിക്കൊണ്ട്, കലിമ ചൊല്ലിക്കൊണ്ട്, തങ്ങളുടെ പ്രവർത്തനത്താൽ ഇസ്ലാമിനും കലിമക്കും ദുഷ്പ്പേരുണ്ടാക്കുന്നതിന് ഒരു കുറവും വരുത്തിയിട്ടില്ല. അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റണമെന്നോ, സമസൃഷ്ടികളോടുള്ള കടമ നിറവേറ്റണമെന്നോ ഉള്ള ബോധം അവർക്കില്ല. കലിമ ചൊല്ലുന്നവരേയും അതിനെ മനസ്സിലാക്കുന്നവരേയും അവർ പുറത്താക്കുകയും ചെയ്തിരിക്കുന്നു. തുടർന്നെഴുതുന്നു: പരസ്പരം ഐക്യത്തിന്റേയും അഖണ്ഡതയുടേയും അന്തരീക്ഷം സൃഷ്ടിച്ച് രാജ്യത്തെ ഖുർആനിന്റേയും സുന്നത്തിന്റേയും തൊട്ടിലാക്കിത്തീർക്കുന്നതിനു പകരം ചേരിതിരിവുണ്ടാക്കി മതപരമായ വിദ്വേഷം പരത്തുകയും പരസ്പരം കാഫിറും മുശ്രിക്കുമെന്ന് മുദ്രകുത്തുകയും ചെയ്യുന്ന ആലിംകൾക്ക് ഈ ഭൂകമ്പം ചിന്തിക്കാനുള്ള നിമിഷമാണ്. ഇവരിൽ ചില കക്ഷികളിൽപെട്ട മതഭ്രാന്തരായവർ എതിർകക്ഷികളിൽപ്പെട്ടവരെ വധിക്കണമെന്ന ഏറ്റവും നിന്ദ്യമായ പാപത്തെപോലും പ്രതിഫലം ലഭിക്കുന്ന സൽക്കർമ്മമായി പ്രഖ്യാപിക്കുന്നു.

"പെട്ടെന്നുണ്ടായ ഈ വിപത്ത് ഭരണകർത്താക്കളും ചിന്തിക്കേണ്ട നിമിഷമാണ്. ഭരണകർത്താക്കൾ പാക്കിസ്ഥാൻ രൂപീകരണത്തിന്റെ ഉദ്ദേശ്യം മറന്നുകളഞ്ഞു. പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകളെ കുറിച്ചുള്ള ബോധംപോലും അവരിൽ അവശേഷിച്ചില്ല. അവർക്ക് അവരുടെ കസേര സംരക്ഷിക്കുന്നതാണ് ഏറെ പ്രിയങ്കരം. എന്നാൽ പൊതുജനങ്ങളുടെ സ്വത്തിന്റേയും ജീവന്റേയും അഭിമാനത്തിന്റേയും സംരക്ഷണം അവർക്ക് പ്രിയപ്പെട്ടതല്ല."

മറ്റൊരു സ്ക്വാളറായ ഹാഫിള് സലാഹുദ്ദീൻ യൂസുഫ് പറയുന്നു. ഈ ഭൂകമ്പം ദുഷ്ക്കർമ്മങ്ങളിൽനിന്നു കിട്ടുന്ന പാഠമായിരുന്നു. നാം ഇതിലൂടെ

നമ്മെ നന്നാക്കിത്തീർക്കേണ്ടതാണ്. സത്യനിഷേധവും അതിക്രമവും അതിര് ലംഘിക്കുമ്പോൾ അല്ലാഹുവിൽനിന്ന് മുന്നറിയിപ്പ് തീർച്ചയായും വരുന്നു. നിരപരാധികൾ എന്തുകൊണ്ട് നാശമടഞ്ഞു എന്ന ചോദ്യത്തിന് അല്ലാഹുവിൽനിന്ന് പിടിത്തം ഉണ്ടാകുമ്പോൾ എല്ലാവരും പിടിക്കപ്പെടുമെന്നും എല്ലാവരും നശിക്കുമെന്നും നബി(സ) തിരുമേനി മറുപടി പറഞ്ഞിട്ടുണ്ട്. സ്വഹാബത്ത് ചോദിച്ചു, നല്ലയാളുകളും നശിക്കുമോ? അവിടന്ന് പറഞ്ഞു, നല്ലയാളുകളും. അവരുടെ സാന്നിദ്ധ്യത്തിലും ശിക്ഷ ഇറങ്ങാം. ഖിയാമത്തുന്നാൾ അവരുടെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് പ്രതിഫലം ലഭിക്കുന്നതാണ്. അല്ലാഹു എല്ലാത്തിന്റേയും ഉടമസ്ഥനാണ്. ചിലപ്പോൾ കൊടുത്തിട്ടും ചിലപ്പോൾ തിരിച്ചെടുത്തിട്ടും അവൻ പരീക്ഷിക്കുന്നു. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുക എന്നത് അവന്റെ ശക്തിപ്രഭാവത്തിലെ ഒരു വ്യവസ്ഥിതിയാണ്. ഈ നാശകരമായ ഭൂകമ്പത്തിലും അവനിച്ഛിക്കുന്നവരെ രക്ഷിക്കുകയും അവനിച്ഛിക്കുന്നവരെ നശിപ്പിക്കുകയും ചെയ്തു. എന്നാൽ, നാം അവന്റെ സന്തോഷമാണ് ആഗ്രഹിക്കേണ്ടത്. അവന്റെ കല്പനകൾ നടപ്പിലാക്കുന്നതിൽ വ്യാപൃതരായിരിക്കേണ്ടതാണ്. ഈ ഭൂകമ്പത്തെ, ഹസ്റത്ത് ഈസാ(അ)യുടെ ആഗമനത്തിനുള്ള അടയാളമായി നിശ്ചയിക്കാൻ പറ്റുകയില്ല."

എല്ലാ വിഭാഗമാളുകളുടേയും ദുഷ്ക്കർമ്മങ്ങളുടെ ഫലമാണിതെന്ന് അദ്ദേഹം അംഗീകരിച്ചതു തന്നെ വലിയൊരുകാര്യമാണ്. അദ്ദേഹം സ്വയംതന്നെ അതിൽപ്പെടുന്നയാളാണ്. ഇത് അടയാളമാണോ അല്ലേ എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരികൾ ഉദ്ധരിച്ച് ഞാൻ പിന്നീട് പറയാം.

വീണ്ടും അദ്ദേഹം എഴുതുന്നു: "അപ്രതീക്ഷിതമായുണ്ടായ ഈ വിപത്തിൽ നാം നമ്മുടെ ഉടമസ്ഥനിലേക്ക് മടങ്ങേണ്ടതാണ്." (ദുരിതബാധിതരെ സഹായിക്കുന്നതിന് നാം സന്നദ്ധരാകേണ്ടതാണ്. ഇന്ന് അതിന് ആരെങ്കിലും സന്നദ്ധരായിട്ടുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. ബാക്കിയുള്ളവരിൽ അധികംപേരും ഇതുപേക്ഷിച്ച് പൊയ്ക്കളഞ്ഞു.)

ഇവരുടെ മറ്റൊരു സ്കോളറായ ഹാഫിസ് മുഹമ്മദ് ഇദ്‌രീസ് സാഹിബ് എഴുതുന്നു. പരിശുദ്ധനായ നബി(സ) തിരുമേനി പറഞ്ഞു: "യുദ്ധത്തിൽ ലഭിക്കുന്ന സമ്പത്ത് വ്യക്തിപരമായ മൂലധനമാക്കുകയും, യുദ്ധത്തിൽ ലഭിച്ച സ്വത്താണെന്ന് അറിഞ്ഞിട്ടും അത് സ്വയം തിന്നുമുടിക്കുകയും പാട്ടുകാരികളുടെ എണ്ണം വർദ്ധിക്കുകയും, മദ്യവും ചൂതാട്ടവും സാധാരണമാവുകയും അമാനത്തുകൾ അനർഹരായവരെ ഏല്പിക്കപ്പെടുകയും, പള്ളികളിൽനിന്ന് ശബ്ദം ഉയരാൻ തുടങ്ങുകയും ചെയ്താൽ (അവരുടെ പള്ളികളിൽനിന്നാണ് കലഹത്തിന്റേയും വഴക്കിന്റേയും കുഴപ്പത്തിന്റേയും കൊലയുടേയും കൊള്ളയുടേയും ശബ്ദം ഉയരുന്നത്.) ജനങ്ങൾ ഭൂകമ്പങ്ങൾ പ്രതീക്ഷിച്ചിരിക്കേണ്ടതാണ്." ഈ ഭൂകമ്പവും നമ്മുടെ തെറ്റുകളും നന്ദികേടും കൊണ്ടാണ് വന്നിട്ടുള്ളത്. ഇതിൽനിന്ന് നാം പാഠം പഠിക്കേണ്ടതാണ്. പിന്നീട് നേരത്തെ പറഞ്ഞതുപോലെ ഈസായുടെ കാര്യം പറഞ്ഞതിനുശേഷം അദ്ദേഹം പറയുന്നു: നാം നമ്മുടെ ജീവിതരീതി മാറ്റുന്നതിനും നമ്മുടെ ദൈവത്തിലേക്ക് മടങ്ങുന്നതിനുമുള്ള സ്വാഭാവികമായ നിലയിലുള്ള ഒരു മുന്നറിയിപ്പാണ് ഈ ഭൂകമ്പം.

യഥാർത്ഥത്തിൽ ആത്മാർത്ഥതയോടെ അല്ലാഹുവിലേക്ക് തിരിയുകയും, ജീവിതരീതി മാറ്റുകയും മതപരമായ എല്ലാവിധ ഏകപക്ഷീയതയിൽ നിന്നും പരിശുദ്ധരായി അല്ലാഹുവിലേക്ക് കുനിയുകയാണെങ്കിൽ, 'എന്റെ പ്രിയപ്പെട്ടവരെ വരാനുള്ള മസീഹ് വന്നുകഴിഞ്ഞിരിക്കുന്നു'വെന്ന് അല്ലാഹു തന്നെ ഇവർക്ക് പറഞ്ഞുകൊടുക്കുന്നതാണ്.

വീണ്ടും അദ്ദേഹം എഴുതുന്നു. "നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതം അല്ലാഹുവിൽ നിന്നും അവന്റെ റസൂലിൽനിന്നും അകന്നുള്ള ജീവിതമായിക്കഴിഞ്ഞിരിക്കുന്നു." (എന്നിട്ടും കാര്യങ്ങൾ ഇവർ മനസ്സിലാക്കുന്നില്ല. പറയുന്നതൊക്കെ ശരിതന്നെയാണ്. പക്ഷേ തെറ്റായ തീരുമാനമാണെടുക്കുന്നത്. വരേണ്ടുന്ന മസീഹുമായിട്ട് അടുത്ത് നില്ക്കുന്നില്ലെങ്കിൽ ഈ അകൽച്ച വർദ്ധിച്ചുകൊണ്ടേപോകും. കാരണം അല്ലാഹുവിന്റെ റസൂലിന്റെ കല്പന ഇവർ പാലിക്കുന്നില്ല.)

പിന്നീട് എഴുതുന്നു. "ഭൂകമ്പത്തിന്റെ വരവിനെക്കുറിച്ച് പറയപ്പെട്ട എല്ലാ ലക്ഷണങ്ങളും ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്."

അബ്ദുൽ വഹ്ഹാബ് ദോപ്പടിസാഹിബ് എഴുതുന്നു. ജനങ്ങൾ അനുസരണക്കേടിൽ അതിരുകടക്കുകയും അതിക്രമങ്ങളും കുറ്റകൃത്യങ്ങളും പെരുകുകയും ചെയ്യുമ്പോൾ ശിക്ഷ ലഭിക്കുന്നു."

പ്രൊഫസർ അബ്ദുർറഹ്മാൻ സാഹിബ് ലുധിയാനവി എഴുതുന്നു: "വലിയ ശിക്ഷ വരുന്നതിനു മുമ്പേ അവർ ദീനിലേക്കു മടങ്ങിവരുന്നതിനുവേണ്ടി അവരെ ചെറിയ ചെറിയ ശിക്ഷകളിൽ അകപ്പെടു

ത്തുമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ ഈ ഭൂകമ്പം കർമ്മങ്ങൾ നന്നാക്കിത്തീർക്കുന്നതിനുള്ള താക്കീതും മുന്നറിയിപ്പുമാണെന്ന് പറയാൻ കഴിയും. ജനങ്ങൾ ബഹുദൈവവിശ്വാസത്തിനും അനാചാരത്തിനും സത്യനിഷേധത്തിനും അതിക്രമത്തിനും ലജ്ജാഹീനമായ പ്രവർത്തനത്തിനും സ്വാർത്ഥതയ്ക്കും ഇരയാകുമ്പോഴാണ് ദൈവികശിക്ഷ ഇറങ്ങുന്നത്. സുനാമി വന്നസ്ഥലത്തും ജനങ്ങൾ അതിരുകടന്നിരുന്നു. ഈ ഭൂകമ്പത്തെ ഖിയാമത്തിന്റെ മറ്റു അടയാളങ്ങളെപ്പോലെ ഒരടയാളമെന്ന് പറയാൻ കഴിയും. എന്നാൽ, ഇതിനെ അസന്നിദ്ധമായനിലയിൽ ഈസയുടെ ആഗമനത്തിനുമുമ്പുള്ള അടയാളമായിട്ട് നിശ്ചയിക്കാൻ പറ്റില്ല." വീണ്ടും പറയുന്നു: "ഖിയാമത്തിന്റെ ചില അടയാളങ്ങൾ ഹദീസിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അത് വെളിപ്പെടുന്നതിന്റെ ഉദ്ദേശ്യം ഖിയാമത്ത് ഉടനെതന്നെ വരാൻ പോകുമെന്നല്ല. അവയിൽ ചിലത് വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഉദാഹരണത്തിന് മാതാപിതാക്കളോടുള്ള അനുസരണക്കേട് എടുപ്പുള്ള കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയവ."

വീണ്ടും പറയുന്നു: ഭരണകൂടത്തിന്റെ നാമമാത്രമായ തിളക്കമാർന്ന സങ്കല്പങ്ങളുടെ ഉപദേശങ്ങളും പൊതുജനങ്ങളുടെ ഇസ്ലാമികമായ അദ്ധ്യാപനങ്ങളിൽനിന്നുള്ള പിൻമാറ്റവുമാണ് ഈ ഭൂകമ്പത്തിനു കാരണം. നബി(സ)യുടെ ഹദീസനുസരിച്ച് നാശമുണ്ടാകുമ്പോൾ ദുർവൃത്തരോടൊപ്പം എല്ലാവരും നാശമടയുന്നതാണ്. എന്നാൽ, ഖിയാമത്തുന്നാളിൽ അവരുടെ ഉദ്ദേശ്യങ്ങളോ കർമ്മങ്ങളോ അനുസരിച്ചായിരിക്കും അവരോട് അല്ലാഹു പെരുമാറുക. ഈ ഭൂകമ്പത്തെക്കുറിച്ച് നാം ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുന്നതിനോടൊപ്പം അതുമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് മുൻഗണന നല്കേണ്ടതുമാണ്."

ശിയാപണ്ഡിതനായ ഹാഫിസ് ഖാദിംരസാ പറയുന്നു: "ഇന്ന് പാക്കിസ്ഥാനിലെ ഓരോ വ്യക്തിയും ഈ ഭൂകമ്പം കാരണം വിഷമിക്കുന്നവരായി കഴിഞ്ഞിരിക്കുകയാണ്. ഈ വിപത്ത് മുസ്ലിംകൾക്ക് താക്കീതാണ്; മനുഷ്യർ അവരുടെ സ്രഷ്ടാവിന്റെ വഴിയിലൂടെ നടക്കുന്നതിനുവേണ്ടി. ഒന്നാമതായി സന്മാർഗ്ഗത്തിന്റെ വഴി സ്വായത്തമാക്കുക. ഈ സൃഷ്ടികളെ സൃഷ്ടിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യമെന്താണ്? മനുഷ്യനെ മനുഷ്യത്വത്തിന്റെ ഉന്നതമായ നിലയിൽ സ്ഥാപിക്കാൻ. സൽമാർഗ്ഗത്തിലേക്ക് നയിക്കാൻ. സ്വാഭാവികമായ നിലയിൽ മനുഷ്യൻ സ്വേച്ഛയെ പിൻപറ്റുന്നു. മനുഷ്യനെ നേരായമാർഗ്ഗത്തിലേക്ക് നയിക്കുന്നതിനുവേണ്ടി പ്രവാചകന്മാരും ശേയ്ഖുമാരും അയക്കപ്പെട്ടു. നേരായമാർഗ്ഗത്തിൽനിന്ന് മനുഷ്യൻ വ്യതിചലിച്ചപ്പോൾ അവൻ നശിച്ചു. ആദ്, സമൂദ്, ലൂത്, ജനതകളെ എങ്ങനെയാണ് നശിപ്പിച്ചതെന്ന് വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അക്രമം ചെയ്യുന്നതു മാത്രമല്ല അക്രമം. അക്രമം കണ്ട് മൗനം പാലിക്കുന്നതും അക്രമമാണ്. തിന്മയെ കണ്ടുകൊണ്ട് അത് തടയാതിരിക്കുന്നതും കുറ്റകരമാണ്. നമ്മൾ ഇസ്ലാമികാദ്ധ്യാപനങ്ങളിൽനിന്നകലുന്നു. കലഹങ്ങളും കുഴപ്പങ്ങളും സാധാരണമായിരിക്കുന്നു. അല്ലാഹുവിൽനിന്ന് താക്കീത് എന്ന നിലയിലും മുന്നറിയിപ്പ് എന്നനിലയിലും ഭൂകമ്പങ്ങളും വിപത്തുകളും വരുന്നു. നിരപരാധികൾ നശിക്കുന്നത് അല്ലാഹുവിൽനിന്നുള്ള അക്രമമല്ല. മുസ്ലിംകൾ സന്മാർഗ്ഗത്തിൽ നിലനില്ക്കുന്നതിന് ഈ ഭൂകമ്പം ഒരു താക്കീതായിരുന്നു."

വീണ്ടും പറയുന്നു: ഇമാം മഹ്ദിയുടെ വെളിപ്പെടലിന്റെ അടയാളങ്ങളിലും തിന്മകളുടെ അതിപ്രസരവും കോലാഹലവുമൊക്കെയുണ്ട്. (തിന്മ പരക്കുക എന്നതും ഒരടയാളമാണ്.) അതുകൊണ്ട് ഈ ഭൂകമ്പവും അദ്ദേഹത്തിന്റെ വരവിനുള്ള അടയാളങ്ങളിലൊന്നായി പറയാവുന്നതാണ്. താക്കീതും മുന്നറിയിപ്പുമുണ്ടായിട്ടും തിന്മകൾ വ്യാപിച്ചുകൊണ്ടേയിരിക്കുന്നു. ഇനി അത് അതിരുകടക്കുമ്പോൾ ഇമാം മഹ്ദി വെളിപ്പെടും. (ഇപ്പോൾ അതിരുകടന്നിട്ടില്ലത്രെ!)

ഹാഫിസ് അബ്ദുൾ മന്നാൻ സാഹിബ് പറയുന്നു. "ഇത് നമ്മുടെ തെറ്റുകളുടേയും കുറ്റങ്ങളുടേയും ഫലമായിരുന്നു. അതിൽ നാശമടഞ്ഞ നിരപരാധികളെ ഓർക്കുമ്പോൾ നമുക്ക് വിഷമമുണ്ട്. എന്നാൽ, അവരുടെ നാശം നമുക്കൊരു പാഠമാണ്. അതായത്, അല്ലാഹുവിൽനിന്നുള്ള സമയം വരുമ്പോൾ, പിന്നീട് ആർക്കും രക്ഷപ്പെടാനുള്ള സാവകാശം ലഭിക്കുകയില്ല. ഈ ഭൂകമ്പത്തിനുശേഷം നമ്മുടെ ജീവിതരീതി നാം മാറ്റേണ്ടതാണ്. അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കേണ്ടതാണ്."

ഇതിനുപുറമേയും പല മൗലവിമാരും ഇക്കാര്യങ്ങൾക്ക് മറുപടി നല്കുകയുണ്ടായി. എന്തായാലും ഇവരെല്ലാവരും തന്നെ ദോഷങ്ങളുടെ ഫലമാണിതെന്ന് സമ്മതിക്കുന്നു. ഇക്കാരണത്താൽ അല്ലാഹു മുന്നറിയിപ്പ് നല്കിക്കൊണ്ട് ശിക്ഷയിറക്കി. പക്ഷേ, ഇത്രമാത്രം സമ്മതിച്ചാൽപോരാ, മസീഹ് മൗഊദ് (അ)ന്റെ വെളിപെടൽ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തെ വിശ്വസിക്കണമെന്ന് നബി(സ) തിരു

മേനി കല്പിച്ചിട്ടുമുണ്ട്. അല്ലാഹുതആല ആകാശീയവും ഭൗമികവുമായ അടയാളങ്ങളും വെളിപ്പെടുത്തി. ഇനിയും കണ്ണടച്ചുതന്നെയിരിക്കുകയാണെങ്കിൽ അല്ലാഹുവിന് മാത്രമേ മനസ്സിലാക്കിത്തരുവാൻ കഴിയൂ. ജനങ്ങൾക്ക് ഇക്കൂട്ടർ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. പക്ഷേ, സ്വയം ആലിമായി നടക്കുന്നവർ സ്വയംതന്നെ ഇത് മനസ്സിലാക്കേണ്ടതാണ്. വിശുദ്ധഖുർആനിൽ പറഞ്ഞ പ്രവചനങ്ങളും പൂർത്തിയായി. ചന്ദ്രനും സൂര്യനും സാക്ഷി പറഞ്ഞു. ഇനി പ്രതീക്ഷിച്ചിരിക്കാൻ മറ്റെന്താണ് വേണ്ടത്. ഇതു മാത്രമല്ല, ഞാൻ പറഞ്ഞതുപോലെ 1905 മുതൽ ബാഹ്യമായിട്ടുതന്നെ അടയാളങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകത്തെ മുക്കിലും മൂലയിലുമെല്ലാം ഇതുണ്ടായിക്കൊണ്ടിരിക്കുന്നു. 1905-ൽ ഇന്ത്യയിലെ കാങ്കട എന്ന സ്ഥലത്ത് വൻഭൂകമ്പമുണ്ടായി. ഖാദിയാൻവരെ ഇതെത്തിയിരുന്നു. ഈ അടയാളങ്ങൾ മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും മുന്നറിയിപ്പാണ്. പ്രളയങ്ങൾ മുഖേനയും സമുദ്രങ്ങളിലെ കൊടുങ്കാറ്റുമുഖേനയും അല്ലാഹു ആവർത്തിച്ചാവർത്തിച്ച് ഇത് പറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിനെ സംബന്ധിച്ച് പുറത്തുവിട്ടിട്ടുള്ള കണക്കനുസരിച്ച് ലോകത്ത് കഴിഞ്ഞ പതിനൊന്ന് നൂറ്റാണ്ടിനുള്ളിൽ വന്ന വൻഭൂകമ്പങ്ങളുടെ എണ്ണം 11 ആണ്. കഴിഞ്ഞ നൂറുവർഷത്തിനുള്ളിൽ വന്ന ഭൂകമ്പങ്ങളുടെ എണ്ണം- 1905 ലെ ഭൂകമ്പം അവരിതിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഞാനതിനേയും ഇതിലുൾപ്പെടുത്തിയിരിക്കുന്നു- പതിമൂന്നാകുന്നു. അമ്പതിനായിരമോ അതിലധികമോ മരണം രേഖപ്പെടുത്തിയിട്ടുള്ള ഭൂകമ്പങ്ങളാണിവ. കാങ്കട ഭൂകമ്പത്തെ അവരിതിൽ കൂട്ടുന്നില്ല. കാരണം അതിൽ മരണസംഖ്യ അവരുടെ അഭിപ്രായത്തിൽ 20-25000 മാണ്. എന്നാൽ ചില പത്രങ്ങൾ അന്ന് അമ്പത് അറുപതിനായിരമെന്ന് എഴുതിയിട്ടുണ്ട്. എത്രയെങ്കിലുമായിക്കൊള്ളട്ടെ. അത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്താണ് സംഭവിച്ചത്. അതുകൊണ്ടാണ് ഈ കണക്കിൽ ഞാൻ അതിനേയും ഉൾപ്പെടുത്തിയത്.

ഞാൻ മറ്റൊരു ദിശയിലൂടെയും ഇതിനെ പരിശോധിച്ചിരുന്നു. ലോകജനത അവരെ സൃഷ്ടിച്ചവനെ മറന്നുകൊണ്ടിരിക്കുന്നു. പുതിയ നൂറ്റാണ്ടിലേക്ക് ഇവർ പ്രവേശിച്ചതും വീരവാദത്തോടുകൂടിയാണ്. ഭൗതികമായ അഭിവൃദ്ധിയെക്കുറിച്ചുള്ള കാര്യങ്ങൾ തന്നെയാണ് പറയുന്നത്. അല്ലാഹുവിലേക്ക് മടങ്ങുന്നതിനെ സംബന്ധിച്ചുള്ള കാര്യങ്ങളല്ല. അങ്ങനെ ചെയ്യും ഇങ്ങനെ ചെയ്യുമെന്നൊക്കെ! സമ്പന്നരാഷ്ട്രങ്ങൾ കഴിഞ്ഞനൂറ്റാണ്ടിനോടു വിടപറഞ്ഞതും ശബ്ദകോലാഹലങ്ങളിലൂടെയാണ്. കണക്കില്ലാതെ അതിൽ പണമൊഴുക്കി. അതുകൊണ്ട് ദരിദ്രരാഷ്ട്രങ്ങളെ എഴുന്നേല്പിച്ചുനിറുത്താമെന്ന ചിന്ത ആർക്കുമുണ്ടായില്ല. വലിയ വലിയ സ്മാരകങ്ങൾ ഉണ്ടാക്കി. കോടിക്കണക്കിനു രൂപ ചെലവഴിച്ചു. അല്ലാഹുവിന്റെ കോളം കാലിയായി കിടക്കുന്നനിലയിലാണ് അവർ പുതിയ നൂറ്റാണ്ടിനെ വരവേറ്റത്. കഴിഞ്ഞവർഷങ്ങളിൽ മനുഷ്യകരങ്ങൾകൊണ്ട് ലോകത്തുണ്ടായ അശാന്തിയും നാശവും ഞാൻ പരിശോധിക്കുകയായിരുന്നു. കഴിഞ്ഞ നൂറുവർഷത്തിനുള്ളിൽ അതായത് 1900 മുതൽ 2000വരെ വിവിധ നഗരങ്ങളിൽ ഒമ്പത് കോടി അമ്പതുലക്ഷം ജനങ്ങൾ 35 രാഷ്ട്രങ്ങളിൽ മരണത്തിന്നിരയായിട്ടുണ്ടെന്ന് ഒരിടത്തുനിന്നു കിട്ടിയ സ്ഥിതിവിവരക്കണക്കുകളിൽ നിന്ന് വ്യക്തമാകുന്നു. ഞാൻ പറഞ്ഞതുപോലെ കഴിഞ്ഞ നൂറ്റാണ്ടിനേയും വേണ്ടുംവിധം ഇവർ മനസ്സിലാക്കിയില്ല. ഒമ്പത് കോടി അമ്പതുലക്ഷം ജനങ്ങളുടെ മരണത്തിന് അവരുടെ പക്കൽ ഒരു വിലയുമുണ്ടായിരുന്നില്ല. അവരെ ആരും നോക്കിയതുമില്ല. എന്നിട്ടും അവിടെ സമാധാനം സ്ഥാപിക്കാനോ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നതിനോ ശ്രമിച്ചില്ല. അടുത്തനൂറ്റാണ്ടിനെ വരവേല്ക്കുമ്പോഴും അല്ലാഹുവിന്റെ കോളം ശൂന്യമാക്കിത്തന്നെയിട്ടു. ഈ ഭൂകമ്പങ്ങൾകൊണ്ട് ഇനിയെങ്കിലും മടങ്ങിവരിക എന്ന് പറഞ്ഞ് അല്ലാഹു നമ്മെ കടിച്ചുകുടഞ്ഞിരിക്കുകയാണ്. ജനതകളേയും ലോകത്തേയും കടിച്ചുകുടഞ്ഞിരിക്കുകയാണ്.

ഈ പുതിയനൂറ്റാണ്ടിൽ പ്രവേശിച്ചപ്പോൾ എന്തായിരുന്നു അവസ്ഥ എന്ന് ഞാൻ പരിശോധിക്കുകയുണ്ടായി. 2001 ജനുവരിയിൽ ഇന്ത്യയിൽ ഒരു വൻഭൂകമ്പമുണ്ടായി. 7.9 ആയിരുന്നു ഇതിന്റെ റിക്ടർ സ്കെയിൽ. ഇരുപതിനായിരത്തിലേറെ ജനങ്ങൾ ഇതിൽ മരിച്ചു. 2003-ൽ ഇറാനിൽ ഭൂകമ്പമുണ്ടായി. പിന്നീട് സുനാമി ദുരന്തമുണ്ടായി. ഇതിൽ രണ്ടുലക്ഷത്തി എൺപ്പത്തിമൂവായിരമാളുകൾ മരണപ്പെട്ടു എന്നാണ് കണക്ക് പറയുന്നത്. പിന്നീട് പാക്കിസ്ഥാനിൽ ഭൂകമ്പമുണ്ടായി. ഈ പുതിയ നൂറ്റാണ്ടിൽ അഞ്ചുവർഷത്തിനുള്ളിൽ അഞ്ച് വൻഭൂകമ്പങ്ങളാണുണ്ടായത്. ഞാൻ പരിശോധിച്ചുവരികയാണ്. അഹ്മദിയ്യത്തിന്റെ നൂറുവർഷം പൂർത്തിയായതിനു ശേഷം അതായത്, 1989-നുശേഷവും ഇതിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മനുഷ്യൻ ചിന്തിക്കുകയാണെങ്കിൽതന്നെ ഇതൊക്കെ അവന് മതിയായതാണ്. അല്ലാഹുവിനെതിരിച്ചറിയാനും വന്നയാളുടെ ശബ്ദം കേൾക്കാനും ഓർമ്മിപ്പിക്കുന്നതിനുവേണ്ടിയാണിത്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ, നമ്മുടെ നൂറു

വർഷം പൂർത്തിയായതിനുശേഷം മുതൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശബ്ദം ഏകദേശം എല്ലായിടത്തും എത്തിക്കഴിഞ്ഞിട്ടുണ്ടെന്ന് നമുക്ക് പറയാൻ കഴിയും. അഹ്മദിയ്യത്തിന്റെ നൂറുവർഷം പൂർത്തിയായത് 1989-ലാണ്. മുഴുവൻ സ്ഥിതിവിവരക്കണക്കുകൾ കിട്ടിയിട്ടില്ല. ഇന്ത്യയിലേത് കിട്ടിയിട്ടുണ്ട്. ഇന്ത്യയിൽ 1990 മുതൽ ഇന്നേവരെ 6 വൻഭൂകമ്പങ്ങൾ ഉണ്ടായിട്ടുണ്ട്. 1897 മുതൽ 1988 വരെയുള്ള കാലയളവിൽ ഏകദേശം 91 വർഷത്തിനുള്ളിൽ 12 ഭൂകമ്പങ്ങളാണുണ്ടായത്. ഈ രാജ്യത്തിനു പുറമെയുള്ളത് ഇതുകൂടാതെയാണ്. ഇത് യാദൃശ്ചിക സംഭവമാണോ അതോ ജനങ്ങളെ ജാഗ്രതപെടുത്തുന്നതിനുവേണ്ടിയുള്ള ദൈവവിധിയാണോ എന്ന് ചിന്തിക്കേണ്ടതാണ്. അമേരിക്കയിൽ കടൽ കൊടുങ്കാറ്റുണ്ടായി. കത്രീന. ഇത് നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷയാണെന്ന് ഒരുപാട് എഴുത്തുകാർ എഴുതി. അവരും ഇതിനെ അംഗീകരിക്കുന്നു. ഈ കൊടുങ്കാറ്റ്, ദൈവത്തിന്റെ അസ്തിത്വം യാഥാർത്ഥ്യമാണെന്ന് നമ്മോടു  പറുന്നുവെന്ന് ഒരാൾ എഴുതി. (അവർ ദൈവത്തിലേക്കും മടങ്ങുന്നു) പാപങ്ങളുടെ ഫലം ഇതാണെന്ന് നാം സമ്മതിക്കേണ്ടതാണ്. ഈ പാപങ്ങളുടെ സ്ഥലത്ത് കൊടുങ്കാറ്റുവന്നുവെന്നും ഇനി ഇതിന്റെ താഴ്ഭാഗത്തുനിന്ന് ഭൂകമ്പമുണ്ടാകാമെന്നും ചിലർ എഴുതി. ഇത് പാപങ്ങൾക്കുള്ള ശിക്ഷയാണെന്നും ദൈവത്തെ തിരിച്ചറിയേണ്ടതാണെന്നും എല്ലാവരും സമ്മതിക്കുന്നുണ്ട്. പക്ഷേ, കുറച്ചുദിവസങ്ങൾക്കുശേഷം, ദൈവം എന്നൊന്ന് ഉണ്ടോ എന്നും, ദൈവം എല്ലാ ശക്തിയുടേയും ഉടമസ്ഥനാണോ എന്നുമുള്ള കാര്യം പാടെ മറന്നുപോകുന്നു.

നബി(സ) തിരുമേനി മുഴുലോകത്തിനും വേണ്ടിയാണ് നിയോഗിതനായത്. ഇപ്രകാരംതന്നെ അവിടത്തെ മസീഹും മുഴുലോകത്തിനുവേണ്ടിയാണ് വന്നിട്ടുള്ളത്. അല്ലാഹു അയച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കൊടുങ്കാറ്റുകളും ഈ ഭൂകമ്പങ്ങളും ഈ പ്രളയങ്ങളും വെറും ഒരു സ്ഥലത്തിനുവേണ്ടിയുള്ളതല്ല. എന്നല്ല, അത് മുഴുലോകത്തും വ്യാപിച്ചുകിടക്കുന്നു. ഓരോ രാജ്യത്തിനും ഓരോ ജനതയ്ക്കും ഈ മുന്നറിയിപ്പ് നല്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഈ വിപത്തുകളിൽനിന്ന് രക്ഷപ്പെടാനുള്ള ഒരേയൊരു മാർഗ്ഗം അല്ലാഹുവിനെ തിരിച്ചറിയുകയും അക്രമങ്ങളും അനീതിയും അവസാനിപ്പിക്കുകയും ചെയ്യുക എന്നതുമാത്രമാണെന്ന് ജനങ്ങളോടു വിളിച്ചുപറയേണ്ടത് നമ്മുടെ നിർബന്ധകടമയാണ്.

പാക്കിസ്ഥാനിലെ കോളമിസ്റ്റായ എസ്.എച്ച് ചൗഹാൻ സാഹിബ് 'ലവായെവഖ്ത്' എന്ന പത്രത്തിൽ 1992-ൽ എഴുതുകയുണ്ടായി.

"നമ്മുടെ വിശ്വാസമനുസരിച്ച് വിവിധ കാലഘട്ടങ്ങളിൽ വിവിധ ജനതകളിലും ഗോത്രങ്ങളിലും, അവരുടെ ധിക്കാരവും വഴികേടും കാരണത്താൽ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങിക്കൊണ്ടിരുന്നിട്ടുണ്ട്. തുടർന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഈ ശിക്ഷ, ഭൂകമ്പത്തിന്റെ രൂപത്തിലോ പ്രളയത്തിന്റെയോ കൊടുങ്കാറ്റിന്റേയോ രൂപത്തിലോ അല്ലെങ്കിൽ, പ്ലേഗിന്റേയോ യുദ്ധത്തിന്റേയോ രൂപത്തിലോ വരാം. ശിക്ഷ എന്തായാലും ശിക്ഷ തന്നെയാണ്. നബിമാർക്ക് അല്ലാഹുവിനോട് നേരിട്ടുള്ള ബന്ധമായിരുന്നു. അവർ ജനങ്ങൾക്ക് സന്തോഷവാർത്തയും അറിയിച്ചിരുന്നു. വരാൻപോകുന്ന ശിക്ഷയെക്കുറിച്ച് ഭയപ്പെടുത്തുകയും ചെയ്തിരുന്നു. കുറച്ചാളുകൾ സന്മാർഗ്ഗം സ്വീകരിച്ചുകൊണ്ട് ഇഹ-പരലോക ശിക്ഷകളിൽനിന്ന് രക്ഷപ്പെട്ടിരുന്നു. എന്നാൽ ധിക്കാരികളും ആജ്ഞാലംഘകരും ഭൂമിയുടെ വയറ്റിനുള്ളിലെ ഇന്ധനമായിത്തീർന്നു."

മുജീബുർറഹ്മാൻ ശാമി സാഹിബ് എഴുതി: (നമുക്കെതിരിലെഴുതുന്നയാളാണ്.  എന്തായാലും അദ്ദേഹവും അഭിപ്രായമെഴുതി. ഇതും 1992-ലെ ഉദ്ധരണിയാണ്. പക്ഷേ ഇത് അവസ്ഥകൾ കൂടുതൽ വ്യക്തമാക്കുന്നുണ്ട്.)

"രാജ്യം മുഴുവൻ പ്രളയത്തിന്റെ പിടിയിലാണ്. ജനനിബിഢമായ നാടുകളെ ജലപ്രവാഹം ജനശൂന്യമാക്കിക്കൊണ്ടിരുന്നു. ആസാദ് കാശ്മീരും പഞ്ചാബും ഖിയാമത്തിനുസമാനമാണ്. ആയിരക്കണക്കിനു ഗ്രാമങ്ങൾ ഒന്നുമല്ലാതായിക്കഴിഞ്ഞിരിക്കുന്നു. ലക്ഷക്കണക്കിന് ഏക്കറുകളിലെ വിളവുകൾ നശിച്ചുകഴിഞ്ഞിരിക്കുന്നു. ആയിരക്കണക്കിന് വീടുകൾ വീണടിഞ്ഞുപോയിരിക്കുന്നു. ആയിരക്കണക്കിന് ജീവനഷ്ടമുണ്ടായിരിക്കുന്നു. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് രാജ്യത്തിന് സഹിക്കേണ്ടിവന്നിരിക്കുന്നത്. ഈ നാശങ്ങളെല്ലാം വിതച്ചത് വെള്ളമാണ്. സൃഷ്ടികർത്താവ് ഈ നേരത്ത് തന്റെ കർത്തവ്യങ്ങളിൽനിന്ന് പിന്മാറിയില്ല. അവൻ റിട്ടയർമെന്റ് എടുത്തതുമില്ല. അവൻ കണ്ണടച്ചില്ല. അവന് മയക്കം വരികയില്ല. അജ്ഞതയുടെ പുതപ്പ് അവൻ പുതച്ചിട്ടില്ല. കാലത്തിന്റെ ചില ഉരുളകൾ ചില മനുഷ്യർക്ക് കൊടുക്കുക മാത്രമാണ് അവൻ ചെയ്തത്. കർമ്മങ്ങൾ ചെയ്യാൻ അവർക്ക് അവധി കൊടുത്തു. ആ അവധി എങ്ങനെ അവർ വിനിയോ

ഗിക്കുന്നു എന്ന് അവൻ നോക്കികണ്ടുകൊണ്ടിരിക്കുന്നു. ഒരു വിദ്രോഹി എന്ന നിലയിലോ അതോ ഒരു അനുസാരി എന്ന നിലയിലോ? ഒരു പ്രതിനിധി എന്ന നിലയിലോ നാശം വിതയ്ക്കുന്ന രാജാവിന്റെ രീതിയിലോ? നോക്കിക്കാണുന്നവൻ നോക്കിക്കാണുന്നു. നോക്കിക്കൊണ്ടിരിക്കുന്നു; അവന്റെ വെള്ളവും അവന്റെ കാറ്റും അവന്റെ വെളിച്ചവും അവന്റെ ഭൂമിയോട് എന്താണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വ്യക്തിഗതമായ സ്വത്താക്കിവെച്ചുകൊണ്ട് കലഹിക്കുന്നവൻ അവന്റെ സന്ദേശത്തെ, അവന്റെ സന്മാർഗ്ഗത്തെ കളവാക്കുന്നുണ്ടോ? അവനിലേക്ക് വിളിക്കുന്ന ആളെ കള്ളനെന്ന് പറഞ്ഞ് മുദ്രകുത്തുന്നുണ്ടോ? (അല്പം ചിന്തിച്ചുനോക്കുക) അവന്റെ വഴിയിലൂടെ നടക്കുന്നത് അസാദ്ധ്യമെന്നും അസംഭാവ്യമെന്നും പറയുന്നുണ്ടോ? (ഇക്കാലത്ത് അല്ലാഹുവിലേക്ക് വിളിക്കുന്നയാൾ ആരാണെന്ന് ചിന്തിക്കുക) തന്നത്താൻ തങ്ങളേയും തങ്ങളുടെ ഇച്ഛകളേയും രക്ഷിതാവാക്കിവെക്കുന്നുണ്ടോ? അങ്ങനെ വരുമ്പോൾ, അല്ലാഹുവിൽനിന്ന് ശബ്ദമുയരുന്നു: അവർ എന്റെ ദാസനെ കള്ളനായി മുദ്രകുത്തി. ഭ്രാന്തനെന്ന് വിളിച്ചു. വളരെയധികം അദ്ദേഹം പീഡിപ്പിക്കപ്പെട്ടു. അവസാനം അദ്ദേഹം അല്ലാഹുവിനെ വിളിച്ചുകൊണ്ട് പറഞ്ഞു. ഞാൻ പരാജിതനായിരിക്കുന്നു. ഇനി നീ തന്നെ പ്രതിക്രിയ ചെയ്താലും. അല്ലാഹു പറയുന്നു: അപ്പോൾ നാം ശക്തമായ മഴയെക്കൊണ്ട് ആകാശത്തിന്റെ കവാടം തുറന്നു. ഭൂമിയെ പിളർത്തി ഉറവകൾ പുറപ്പെടുവിപ്പിച്ചു. എല്ലാ ഭാഗത്തുനിന്നുമുള്ള ജലം ഒന്നിച്ചുചേർന്ന് വിധിക്കപ്പെട്ട നാശത്തെ പൂർണ്ണമാക്കി." (ഇത് ഖുർആനിലെ ഉദ്ധരണിയാണ്. സൂറത്തുൽ ഖമറിൽ ഇത് വന്നിട്ടുണ്ട്.)

"ഭൂമിയിൽ വസിക്കുന്ന ലക്ഷക്കണക്കിനാളുകൾ ഭൂമിയന്വേഷിച്ച് ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നതുതന്നെ, എന്തോ സന്ദേശം അവരോട് വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ആരോ ഇവിടെയുണ്ടെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്." (സ്വയം അവർക്കൊട്ട് കാര്യം ബോധ്യമാവുന്നില്ല)

ഇതും ഒരു ദൈവികവിപത്തിനെക്കുറിച്ച് സൂചന നല്കുന്നു. അതിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. അദ്ദേഹം ഈ ഖുർആനികവചനമെഴുതിക്കൊണ്ട് വളരെ നല്ലൊരു കാര്യമാണ് പറഞ്ഞിട്ടുള്ളത്. ഇക്കാലഘട്ടത്തിൽ അത്തരം ഒരു വ്യക്തിയെ മാത്രമേ നമുക്ക് കാണാൻ കഴിയുന്നുള്ളൂ. "ഞാൻ പരാജിതനായിരിക്കുന്നു. എന്നെ സഹായിക്കുക." എന്ന് പറഞ്ഞ് അദ്ദേഹം തന്റെ രക്ഷിതാവിനോട് പ്രാർത്ഥിച്ചു. അല്ലാഹു അദ്ദേഹത്തിനോട് സഹായം വാഗ്ദാനം ചെയ്തു. പിന്നീട് ദൈവകോപത്തിന്റെ വെളിപെടൽ 1905 മുതൽ ഉണ്ടാകാൻ തുടങ്ങി. ഈ കോളമെഴുതുന്നവരും കോളം വായിക്കുന്നവരും അദ്ദേഹം എടുത്തുദ്ധരിച്ച ഈ ദൈവകല്പനയെ നല്ല വണ്ണം നോക്കിക്കാണുക. ദൈവാനുഗ്രഹത്താൽ എല്ലാവരും മുസ്ലിമെന്ന് പറയപ്പെടുന്നവരാണ്. ഇക്കാര്യത്തെക്കുറിച്ച് അറിവുള്ളവരുമാണ്. '***ഫഅ്തബിറു യാ ഉലിൽ അബ്സാർ***' അല്ലയോ കാര്യങ്ങൾ നോക്കിമനസ്സിലാക്കുന്നവരെ നിങ്ങൾ ഇതിൽനിന്ന് പാഠം പഠിക്കുക. ഇക്കാര്യം മനസ്സിലാക്കുന്നവരായിത്തീരാൻ അല്ലാഹു ഇവരെ അനുഗ്രഹിക്കുമാറാകട്ടെ. ആഗതനായ ആൾ ലോകർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തു. ഇന്നും അദ്ദേഹത്തിന്റെ ജമാഅത്ത് ഈ സന്ദേശം ദൈവാനുഗ്രഹത്താൽ എത്തിച്ചുകൊണ്ടിരിക്കുന്നു. അക്രമവും അനീതിയും അവസാനിപ്പിക്കുക. അനാവശ്യകാര്യങ്ങളിൽ മുഴുകുന്നതിനു പകരം സ്വന്തം ദൈവത്തെ തിരിച്ചറിയുക. കുഴപ്പമുണ്ടാക്കുന്നവർ ധിക്കാരികളാണെന്നും അവർക്ക് ശിക്ഷ ലഭിക്കുമെന്നും അല്ലാഹു പറഞ്ഞിട്ടുള്ളതാണ്. അത് കിട്ടുകതന്നെ ചെയ്യും. മുമ്പും അത് കിട്ടേണ്ടവർക്ക് കിട്ടിയിട്ടുണ്ട്. അല്ലാഹുവിന് പങ്കാളികളെ വെക്കുന്നത് നിർത്തുക. ഇല്ലെങ്കിൽ മുൻകഴിഞ്ഞവരുടെ പര്യവസാനവും നിങ്ങളുടെ മുമ്പിലുണ്ട്. കൃത്യമായി അളന്നും തൂക്കിയും കൊടുക്കുക. പരസ്പരം നല്ലരീതിയിൽ പെരുമാറുക. ബന്ധങ്ങൾ ശരിയാക്കിത്തീർക്കുക. ലോകത്തുനിന്ന് ശാന്തിയില്ലായ്മ ചെയ്യരുത്. സ്വന്തം സ്രഷ്ടാവിനെ തിരിച്ചറിയാതിരിക്കുകയും അക്രമവും അനീതിയും അവസാനിപ്പിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ വിപത്തുകൾ ഇറങ്ങിക്കൊണ്ടിരിക്കുന്നതാണ്. അല്ലാഹു നാടുകളെ വെറുതെ നശിപ്പിക്കുകയില്ല. ഞാനാദ്യം ഓതിയ വചനത്തിൽ അല്ലാഹു പറയുന്നു: "നാടുകളെ, അതിൽ നിവസിക്കുന്നവർ നന്മ ചെയ്യുന്നവരായിരിക്കെ, നിന്റെ നാഥൻ നശിപ്പിക്കുകയില്ലതന്നെ."

അതുകൊണ്ട് മുസ്ലിംകൾ പ്രത്യേകമായി ചിന്തിക്കേണ്ട ഘട്ടമാണിത്. ഏതൊരു നബിയെ വിശ്വസിക്കുന്നവരാണെന്നാണോ അവർ അവകാശപ്പെടുന്നത്, ആ നബിയുടെ അദ്ധ്യാപനങ്ങളനുസരിച്ചാണോ അവർ പ്രവർത്തിക്കുന്നത്. അക്രമവും കുഴപ്പവും ഉണ്ടാക്കരുതെന്ന് പത്രങ്ങളിലൂടെ വിളംബരം ചെയ്യുന്ന ഈ ആലിംകളും സ്വന്തം കോളറിലേക്ക് ഒന്നുനോക്കുക. അവരുടെ കോളറിൽ വൈരുദ്ധ്യങ്ങളൊന്നുമില്ലേ? വൈരുദ്ധ്യങ്ങളുണ്ട്. അത് ജനങ്ങൾക്ക് കാണാനും കഴിയുന്നുണ്ട്. വൈരുദ്ധ്യങ്ങളില്ലാതിരു

ന്നെങ്കിൽ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാനുള്ള ഭാഗ്യം ഇവർക്ക് ലഭിക്കുമായിരുന്നു. വിശ്വസിക്കാൻ തൗഫീഖ് കിട്ടാത്ത അത്തരം ആലിംകളെക്കുറിച്ച് നബി(സ) തിരുമേനി പറഞ്ഞു. ഹസ്റത്ത് അലി നിവേദനം ചെയ്യുന്നു. "ഒരുകാലം അടുത്തുതന്നെ വരും. ഇസ്ലാമിന്റെ നാമം മാത്രം അവശേഷിക്കും. ഖുർആനിലെ ലിപികളല്ലാതെ മറ്റൊന്നുമുണ്ടാവുക യില്ല. അക്കാലത്തെ ജനങ്ങളുടെ പള്ളികൾ പ്രത്യ ക്ഷത്തിൽ ജനനിബിഢമായികാണും. പക്ഷെ, അതിൽ സന്മാർഗ്ഗമുണ്ടാവുകയില്ല. അവരുടെ ആലിംകൾ ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ടജീവികളാ യിരിക്കും. കുഴപ്പങ്ങൾ അവരിൽനിന്നു തുടങ്ങുകയും അവരിലേക്കുതന്നെ മടങ്ങുകയും ചെയ്യും. വാക്കു കളിങ്ങനെയാണ്. '***ഉലമാഅഹും ശർറുൻ മൻതഹ്ത അദീമിസ്സമാഇ മിൻ ഇൻദിഹിം തഖ്റുജുൽഫിത്നതു ഫീഹിം തഊദ്.'*** നികൃഷ്ടജീവികളായിരിക്കും. അവ രിൽനിന്ന് ഫിത്ന പൊട്ടിപ്പുറപ്പെടും. അവരിലേക്കു തന്നെ മടങ്ങുകയും ചെയ്യും. അതായത്, എല്ലാ ദോഷ ങ്ങളുടേയും ഉറവിടം ആ പണ്ഡിതന്മാരായിരിക്കും. അല്ലാഹു ഇക്കൂട്ടർക്ക് ഹിദായത്ത് നല്കുമാറാകട്ടെ. നിങ്ങളുടെ ആലിമിംകളെതന്നെ നിങ്ങൾ നോക്കുക. അവരുടെ വാക്കും പ്രവൃത്തിയും നോക്കുക. എന്നിട്ട് നിങ്ങൾ സ്വയം നിങ്ങളെ നന്നാക്കിത്തീർക്കുന്നതി ലേക്ക് ശ്രദ്ധിക്കുക. എന്തായാലും എഴുത്തുകാരും നമ്മുടെ അഹ്മദികളിൽപെട്ട ചിലരും നിരപരാധികൾ മരിക്കുന്നതിനെക്കുറിച്ച് ചോദിച്ചതിനുള്ള ചില മറു പടി നിങ്ങൾ കേട്ടുകഴിഞ്ഞു. ഇനി ഞാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണി സമർപ്പിക്കുകയാ ണ്. അവിടന്ന് പറയുന്നു.

"മക്കയിലുണ്ടായ വരൾച്ചയിൽ ആദ്യം മരിച്ചത് ദരിദ്രരായിരുന്നു. അങ്ങനെ മരിക്കുന്നതിനായി അല്ലാഹു അവർക്കൊരു സമയം നിശ്ചയിച്ചിരുന്നു; മറ്റുള്ള ജനങ്ങൾക്ക് അടയാളമായിത്തീരാൻ. ഇത് അല്ലാഹുവിൽനിന്നുള്ള പരീക്ഷണമാണ്. ഇത് അവന്റെ നടപടിക്രമമാണ്. ഇതിനുപുറമെ ഇവർ അവന്റെ സൃഷ്ടികളുമാണ്. അവന് ഓരോ സദ്വൃ ത്തനെക്കുറിച്ചും ദുർവൃത്തനെക്കുറിച്ചും അറിവുണ്ട്. ശിക്ഷ വരുന്നത് എപ്പോഴും കുറ്റവാളികൾക്കാണ്. കുറ്റവാളികളല്ലാത്തവർക്ക് ശിക്ഷ ഉണ്ടാവുകയുമി ല്ല. സാത്വികരായ ചിലരും ഇതിൽപ്പെട്ട് മരിക്കാറുണ്ട്. എന്നാൽ അവർ 'ശഹീദെ'ന്ന സ്ഥാനത്തിന് അർഹ രായിരിക്കും. അവർക്ക് സന്തോഷവാർത്തയുണ്ട്. മെല്ലെ മെല്ലെ എല്ലാവരുടേയും ഊഴം വന്നെത്തുന്നു. പിന്നീടൊരു ചോദ്യമുന്നയിക്കപ്പെട്ടു. സാൻഫ്രാൻസി സ്കോയിൽ വന്ന ഭൂകമ്പവും താങ്കളുടെ സത്യത യ്ക്കുള്ള അടയാളമാണോ? അവിടന്ന് പറഞ്ഞു. സാൻഫ്രാൻസിസ്കോ തുടങ്ങി ലോകത്തുണ്ടാകുന്ന എല്ലാ ഭൂകമ്പങ്ങളും ഉണ്ടായത് എന്നെ നിഷേധിച്ച തുകൊണ്ട് മാത്രമാണെന്നും മറ്റൊരു കർമ്മത്തിനും ഇതിൽ പങ്കില്ലെന്നും ഞാനൊരിക്കലും പറഞ്ഞിട്ടി ല്ല. (കാരണം ഒരുപാടാളുകൾക്ക് സന്ദേശം എത്തി യിട്ടുണ്ടാവില്ല.) എന്നെ നിഷേധിച്ചത് ഈ ഭൂകമ്പമു ണ്ടാകാൻ കാരണമായിട്ടുണ്ടെന്ന് ഞാൻ പറയുന്നു. എന്താണെന്നുവെച്ചാൽ അല്ലാഹുവിൽനിന്ന് വന്നി ട്ടുള്ള എല്ലാ നബിമാരും അല്ലാഹുവിന്റെ നടപടി ആദ്യംമുതലേ ഇങ്ങനെ നടന്നുവരുന്നു എന്ന നില യിൽ യോചിക്കുന്നവരാണ്. അതായത്, ലോകർ എല്ലാത്തരം പാപങ്ങളും ചെയ്തുതുടങ്ങുമ്പോൾ അങ്ങനെ പാപങ്ങളെല്ലാം കുന്നുകൂടുമ്പോൾ അല്ലാഹു തന്നിൽനിന്ന് ഒരാളെ നിയോഗിച്ചയക്കു ന്നു. ലോകത്തെ ഏതെങ്കിലും ഭാഗം അപ്പോൾ അദ്ദേ ഹത്തെ നിഷേധിക്കുന്നു. അവരുടെ നിയോഗം ആദ്യ മേതന്നെ കുറ്റവാളികളായിക്കഴിഞ്ഞിട്ടുള്ള കഠിനചി ത്തരായ ആളുകൾക്ക് ശിക്ഷ നല്കാൻ ഒരു പ്രേര ണയായിത്തീരുന്നു. ആരാണോ തന്റെ മുൻകഴിഞ്ഞ പാപങ്ങൾക്ക് ശിക്ഷിക്കപ്പെടുന്നത്, അയാൾ ഇക്കാ ലത്ത് അല്ലാഹുവിൽനിന്ന് ഏതെങ്കിലും നബിയോ റസൂലോ വന്നിട്ടുണ്ടോ എന്നറിഞ്ഞുകൊള്ളണമെന്നി ല്ല. അല്ലാഹു പറയുന്നു: '***വമാ കുന്നാ മുഅദ്ദിബീന ഹത്താ നബ്അസ റസൂലാ***' റസൂലിനെ അയക്കാതെ ഒരു ജനതയുടെമേലും നാം ശിക്ഷയിറക്കാറില്ല.

ശിക്ഷ വന്നു, പക്ഷേ, ഈസായുടെ ആഗമന വുമായി ഇതിന് ബന്ധമുണ്ടെന്ന് പറയുന്നത് ശരിയ ല്ല എന്നു പറയുന്ന ഉലമാഅ് അല്ലാഹു പറഞ്ഞ ഒരു ഭാഗം അംഗീകരിച്ചുകൊണ്ട് അതിനുള്ള തെളിവ് ഖുർആനിൽനിന്നും ഹദീസിൽനിന്നും നല്കിക്കൊ ണ്ടിരിക്കുന്നു. എന്നാൽ വിശുദ്ധഖുർആൻ പറഞ്ഞ രണ്ടാമത്തെ കാര്യം അംഗീകരിക്കാൻ അവരൊട്ടും തയ്യാറല്ല. അംഗീകരിച്ചാൽ അവരുടെ ചോറിനെ അത് ബാധിക്കും. പറഞ്ഞു: ഈ ഭൂകമ്പങ്ങൾ വരാനുള്ള കാരണം എന്നെ നിഷേധിച്ചതുകൊണ്ടാവാം. ഇതി നേക്കാളുപരി ഞാനൊന്നും ഉദ്ദേശിച്ചിട്ടില്ല. ഇതുത ന്നെയാണ് അല്ലാഹുവിന്റെ ആദ്യം മുതലേയുള്ള നട പടിക്രമം. ഇതിനെ നിഷേധിക്കാൻ ആർക്കും സാദ്ധ്യ മല്ല. അതുകൊണ്ട് സാൻഫ്രാൻസിസ്കോ തുടങ്ങിയ സ്ഥലങ്ങളിൽ ഭൂകമ്പങ്ങൾ മുഖേന ജനങ്ങൾ മരി ക്കാനുള്ള യഥാർത്ഥ കാരണം അവർ ചെയ്തുകൂ ട്ടിയ പാപങ്ങളായിരുന്നു. എന്നാൽ, അവരെ നശി പ്പിച്ച ഈ ഭൂകമ്പം എന്റെ സത്യതയ്ക്കുള്ള ഒരടയാ ളമാണ്. കാരണം പണ്ടുപണ്ടേയുള്ള അല്ലാഹുവിന്റെ

നടപടിക്രമമനുസരിച്ച് ഏതെങ്കിലും റസൂൽ വരുന്ന നേരത്ത് ദ്രോഹികൾ നശിപ്പിക്കപ്പെടുന്നു. എന്റെ കാലത്ത് അസാധാരണമായ നിലയിൽ ഒരുപാട് ഭൂകമ്പങ്ങൾ ഉണ്ടാകുമെന്ന് ഞാൻ ബറാഹീനെ അഹ്മദിയ്യാ തുടങ്ങിയ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതാണ്. മറ്റു വിപത്തുകൾ ഉണ്ടാകുമെന്നും ഒരു ലോകംതന്നെ അതുമുഖേന നശിച്ചുപോകുമെന്നും പറഞ്ഞിട്ടുണ്ട്. എന്റെ പ്രവചനത്തിനുശേഷം ലോകത്ത് ഭൂകമ്പങ്ങളും മറ്റു വിപത്തുകളും വരികയെന്നത് എന്റെ സത്യത്തിനുള്ള ഒരടയാളമാണ്. ലോകത്തിന്റെ ഏത് മൂലയിലും അല്ലാഹുവിൽനിന്നുള്ള റസൂൽ നിഷേധിക്കപ്പെടുമ്പോൾ ആ റസൂലിനെക്കുറിച്ചറിഞ്ഞിട്ടില്ലാത്ത മറ്റു രാജ്യങ്ങളിലുള്ള കുറ്റവാളികളും പിടിക്കപ്പെടുന്നു എന്ന കാര്യം ഓർത്തുകൊള്ളുക." (ഇപ്പോൾ ലോകത്തെല്ലായിടത്തും സന്ദേശമെത്തിക്കുഴിഞ്ഞിരിക്കുകയാണ്)

"നൂഹിന്റെ കാലത്ത് ഒരു ജനത നിഷേധിച്ചപ്പോൾ ലോകത്തിന്റെ മേൽ ശിക്ഷയിറങ്ങി. എന്നല്ല, പക്ഷിമൃഗാദികൾപോലും അതിൽനിന്ന് രക്ഷപ്പെട്ടില്ല. ചുരുക്കത്തിൽ അല്ലാഹുവിന്റെ നടപടി ഇങ്ങനെ തുടർന്നുവരുന്നു. ഏതെങ്കിലും സത്യവാനെ അതിരുകടന്ന് നിഷേധിക്കുമ്പോൾ അല്ലെങ്കിൽ അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുമ്പോൾ ലോകത്ത് പലരീതിയിലുള്ള വിപത്തുകൾ ഇറങ്ങുന്നു. ദൈവികഗ്രന്ഥങ്ങളെല്ലാം പറയുന്നത് ഇതുതന്നെയാണ്. വിശുദ്ധഖുർആനും ഇതുതന്നെ പറയുന്നു. അല്ലാഹുവിന്റെ നടപടിക്രമം ഈ രീതിയിൽ തുടർന്നുവരുന്നു എന്നതാണ് പറഞ്ഞതിന്റെ ചുരുക്കം. അല്ലാഹുവിൽനിന്ന് വരുന്നയാളെ നിഷേധിക്കുമ്പോൾ പലവിധ വിപത്തുകൾ ആകാശത്തുനിന്നിറങ്ങുന്നു. ഇതിലധികവും പിടിക്കപ്പെടുന്നത് നിഷേധവുമായി ഒരു ബന്ധവുമില്ലാത്തവരായിരിക്കും. പിന്നീട് പതുക്കെ പതുക്കെ സത്യനിഷേധത്തിന്റെ ഇമാമുമാർ പിടിക്കപ്പെടുന്നു. അവസാനമാണ് വലിയ ദ്രോഹികളുടെ സമയം വരുന്നത്. (ശിക്ഷയ്ക്ക് വെളിയിൽ അപ്പോൾ ആരും ഉണ്ടാവുകയില്ല.) ഇതിലേക്ക് സൂചന നല്കിക്കൊണ്ട് അല്ലാഹു പറയുന്നു:

"***അന്നാ നഅ്തിൽഅർള നൻഖുസ്വുഹാ മിൻ അത്വ്റാഫിഹാ***" അതായത്, നാം പതുക്കെപതുക്കെ ഭൂമിയിലേക്ക് വന്നുംപോയുമിരിക്കുന്നു. (*13:42*) എന്റെ ഈ വിവരണത്തിൽ ചിലയാളുകളുടെ ആക്ഷേപമായ 'നിഷേധിച്ചത് മൗലവിമാരായിരുന്നു. എന്നാൽ ദരിദ്രരായ ആളുകൾ പ്ലേഗുമുഖേന മരിച്ചു. കാങ്കട തുടങ്ങിയ ഭൂകമ്പങ്ങളിൽ നിരവധിയാളുകളാണ് മരിച്ചത്. അവരെന്തു പിഴച്ചു' എന്ന ആക്ഷേപത്തിനുള്ള മറുപടി വന്നുകഴിഞ്ഞിരിക്കുന്നു. ഓർമ്മിച്ചുകൊള്ളുക അല്ലാഹുവിൽനിന്നു വന്ന ആരേയെങ്കിലും നിഷേധിക്കുമ്പോൾ ആ നിഷേധിക്കുന്നവർ ഒരു പ്രത്യേക ജനതയാണെങ്കിലും അല്ലെങ്കിൽ ലോകത്തിന്റെ ഒരു പ്രത്യേക സ്ഥലത്താണെങ്കിലും അല്ലാഹുവിന്റെ അഭിമാനം ശിക്ഷയിറക്കുന്നത് പൊതുവായിട്ടായിരിക്കും. ആകാശത്തുനിന്ന് നാശങ്ങൾ ഇറങ്ങുന്നു. മിക്കപ്പോഴും കുഴപ്പത്തിന്റെ കാരണക്കാരായ ദ്രോഹികൾ പിടിക്കപ്പെടുന്നത് പിന്നീടായിരിക്കും. ദൈവകോപത്തിന്റെ ശിക്ഷ മൂസാ, ഫിർഔന്റെ മുമ്പിൽ കാണിച്ചപ്പോൾ ഫിർഔന് ഒരു നഷ്ടവുമുണ്ടായില്ല. ദരിദ്രരായ ജനങ്ങളാണ് നാശമടഞ്ഞത്. പക്ഷേ, അവസാനം അല്ലാഹു ഫിർഔനേയും അയാളുടെ സൈന്യത്തേയും മുക്കിക്കളഞ്ഞു. ഇതാണ് അല്ലാഹുവിന്റെ നടപടിക്രമം. ഇതിനെക്കുറിച്ച് വിവരമുള്ളവർക്ക് ഇത് നിഷേധിക്കാൻ പറ്റുകയില്ല."

ഇത് ശിക്ഷയാണെന്നും എന്നാൽ ഈസാ (അ)ന്റെ ആഗമനത്തിനുള്ള അടയാളമല്ലെന്നും പറയുന്ന ഈ ഇസ്ലാംമത പണ്ഡിതന്മാരുടെ അഭിപ്രായത്തെ ഖുർആൻ നിഷേധിക്കുന്നു. 'ഭിന്നിക്കുക എന്ന പ്രവചനം പൂർത്തിയായി. ഞങ്ങൾ മസീഹ് മൗഊദ്(അ)നെ കാത്തിരുന്നു. ആ പ്രവചനം പൂർത്തിയായില്ല. ഞങ്ങളുടെ ആലിംകളും ഞങ്ങൾക്ക് പ്രതീക്ഷ നല്കിക്കൊണ്ടിരുന്നു. മസീഹ് മൗഊദ്(അ)നെ അയക്കാതെ നീ ഞങ്ങളുടെമേൽ ശിക്ഷയിറക്കിയില്ലേ എന്ന് ജനങ്ങൾ അല്ലാഹുവിനോട് ചോദിക്കുകയില്ലേ?' ഇതിലേക്കാരും ചിന്തിക്കുന്നില്ല. ഈ ചോദ്യവും ഉന്നയിക്കപ്പെടേണ്ടതുതന്നെയാണ്. ജനങ്ങൾ ഇതിനെക്കുറിച്ച് ചിന്തിക്കണം. ആലിംകൾ നന്മ ആഗ്രഹിക്കുന്നെങ്കിൽ അവരും ചിന്തിക്കേണ്ടതാണ്. മുസ്‌ലിംരാഷ്ട്രങ്ങളാണെങ്കിലും ഏഷ്യയിലെ ഏതെങ്കിലും രാഷ്ട്രങ്ങളാണെങ്കിലും അല്ലെങ്കിൽ ആഫ്രിക്കൻ രാഷ്ട്രമാണെങ്കിലും ദ്വീപുകളാണെങ്കിലും യൂറോപ്പാണെങ്കിലും അമേരിക്കയാണെങ്കിലും ഹസ്റത്ത മസീഹ് മൗഊദ്(അ)നുശേഷം തങ്ങളുടെ അവസ്ഥ മാറ്റുന്നില്ലായെങ്കിൽ ആരും സുരക്ഷിതരല്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറഞ്ഞിട്ടുള്ളതാണ്. "അല്ലയോ യൂറോപ്പേ, നീയും രക്ഷയിലല്ല. ഓ ഏഷ്യാ, നീയും രക്ഷയിലല്ല. ദ്വീപുകളിൽ വസിക്കുന്നവരേ ഒരു കൃത്രിമദൈവങ്ങളും നിങ്ങളെ സഹായിക്കാനെത്തുകയില്ല. വൻനഗരങ്ങൾ അടിമേൽ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനനിബിഢമായ സ്ഥലങ്ങൾ ജനശൂന്യമായി ഞാൻ കാണുന്നു. ഏകനായ അല്ലാഹു ഒരുകാലംവരെ മൗനം പാലിച്ചു. അവന്റെ കൺമുമ്പിൽ വെറുക്കപ്പെട്ട പ്രവൃത്തികൾ ചെയ്യപ്പെട്ടു. എന്നാൽ അവൻ നിശ്ശ

ബ്ദത പാലിച്ചു. ഇപ്പോൾ ഗാംഭീര്യത്തോടുകൂടി തന്റെ മുഖം അവൻ കാണിക്കുന്നു. ചെവിയുള്ളവർ കേട്ടു കൊള്ളട്ടെ. ആ സമയം വിദൂരമല്ല."

ലോകത്തിന് ഇതൊരു മുന്നറിയിപ്പാണെന്നതു പോലെ നമ്മൾക്കും ചിന്തിക്കാനുള്ള ഒരവസരമാണ്. നാം നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധമാക്കിത്തീർക്കുക. കറുത്തപാടുകൾ വീണിട്ടുള്ള ആ ജനതകളിൽ പെട്ട് നാമും അവരോടൊപ്പം ദൈവസന്നിധിയിൽ ഹാജരാകുന്നവരാകാൻ പാടില്ല. അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്കെത്തിച്ചുകൊടുക്കുക എന്ന കടമയും നമുക്കുണ്ട്. എന്നാൽ ഇനിയും നമ്മൾ അതിന് ശ്രമിക്കുന്നില്ലെങ്കിൽ, ആലിംകളും മറ്റുള്ളവരും ജനങ്ങളെ വഴിതെറ്റിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യരോട് അവർക്ക് ഒരു ദയയുമില്ല. അപ്പോൾ മനുഷ്യരെ സ്നേഹിക്കുന്നവരും അവരോട് ദയ കാണിക്കുന്നവരുമാണെന്ന നമ്മുടെ വാദവും വെറും പൊള്ളയായിത്തീരും.

ലോകത്തിന്റെ മുക്കിലും മൂലയിലും വഴികിട്ടാതെ ഉഴലുന്ന ഓരോരുത്തർക്കും ഈ സന്ദേശം ഓരോ അഹ്മദിയും എത്തിക്കേണ്ടതാണ്. സൃഷ്ടികർത്താവിന്റെ മുമ്പിൽ കുനിയാനും അവന്റെ കല്പനകളനുസരിച്ച് ജീവിക്കാനും അവരോട് പറയണം. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുക. എല്ലാവരേയും അറിയിക്കുക. ഈ നാളുകൾ ദൈവകോപത്തിന്റെ നാളുകളാണ്. അല്ലാഹു ഒരുപാട് പ്രാവശ്യം വഹ്യ് മുഖേന എന്നെ അറിയിച്ചിരിക്കുന്നു. '***ഗസിബ്തു ഗസിബൻ ശദീദാ***' ഈയ്യിടെ പ്ലേഗ് പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. നാലുഭാഗത്തും അഗ്നി ആളിപ്പടരുന്നു. അല്ലാഹു എന്റെ ഈ ജമാഅത്തിനെ രക്ഷിച്ചുനിർത്തുന്നതിനുവേണ്ടി ഞാൻ അവനോട് ഒരുപാട് ദുആ ചെയ്യുന്നു. എന്നാൽ വിശുദ്ധഖുർആനിൽനിന്നും മനസ്സിലാകുന്നത് ദൈവകോപമിറങ്ങി കഴിഞ്ഞാൽ ദുഷ്ടന്മാരോടൊപ്പം നല്ലവരും പിടിക്കപ്പെടുമെന്നാണ്. പിന്നീടവരുടെ കണക്ക് അവരവരുടെ കർമ്മങ്ങൾക്കനുസരിച്ചായിരിക്കും. നോക്കുക, ഹസ്റത്ത് നൂഹിന്റെ കാലത്തുണ്ടായ പ്രളയം സകലരേയും ബാധിച്ചു. എല്ലാ പുരുഷന്മാർക്കും, സ്ത്രീകൾക്കും, കുട്ടികൾക്കും നൂഹിന്റെ വാദമെന്താണെന്നോ അതിന് അദ്ദേഹത്തിന്റെ പക്കലുള്ള തെളിവെന്താണെന്നോ അറിവുണ്ടായിരിക്കുകയില്ല എന്നത് വ്യക്തമാണ്. ജിഹാദിൽ വിജയങ്ങളുണ്ടായി. അതെല്ലാം ഇസ്ലാമിന്റെ സത്യതയ്ക്കുള്ള തെളിവായിരുന്നു. എന്നാൽ എല്ലാ യുദ്ധത്തിലും സത്യനിഷേധികളോടൊപ്പം മുസ്ലിംകളും വധിക്കപ്പെട്ടു. കാഫിർ നരകത്തിലേക്ക് പോയി. മുസ്ലിംകൾ ശഹീദെന്ന് പറയപ്പെട്ടു. ഇപ്രകാരം തന്നെ പ്ലേഗും നമ്മുടെ സത്യതയ്ക്കുള്ള ഒരടയാളമാണ്. ഇതിൽ നമ്മുടെ ചിലയാളുകളും ശഹീദായേക്കാം. അല്ലാഹു അവരിലും മറ്റുള്ളവരിലും വ്യത്യാസം നിലനിറുത്തുന്നതിനു വേണ്ടി നാം അവന്റെ സന്നിധിയിൽ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ജമാഅത്തിലുള്ളവർ ഓർമ്മവെക്കേണ്ടതാണ്. നമ്മുടെ പാഠമനുസരിച്ച് പ്രവർത്തിക്കാതെ, കൈയുടെമേൽ കൈവക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഒന്നാമതായി അല്ലാഹുവിനോടുള്ള കടമ നിർവ്വഹിക്കുക. എല്ലാവിധ വികാരാവേശങ്ങളിൽനിന്നും ആത്മാവിനെ ശുദ്ധമാക്കിനിർത്തുക. അതിനുശേഷം സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുക. സൽകർമ്മങ്ങൾ പൂർണ്ണമായും അനുഷ്ഠിക്കുക. അല്ലാഹുവിൽ സത്യമായും വിശ്വസിക്കുക. താണുകേണ് അവനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ മുന്നിൽ കരഞ്ഞുകരഞ്ഞ് ദുആ ചെയ്യാത്ത ഒരു ദിവസവും നിങ്ങൾക്കുണ്ടാകാൻ പാടില്ല. അതിനുശേഷം, ബാഹ്യമായ മാർഗ്ഗങ്ങളെ അവലംബിക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനകളിൽ ഭാഗഭാക്കായിക്കൊണ്ട് നമ്മളിലും നമ്മുടെ വരുംതലമുറയിലും നമ്മളും ഇതരരും തമ്മിലുള്ള വ്യത്യാസം എന്നെന്നും പ്രകടമായിക്കൊണ്ടിരിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 27.1.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala